**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2986** **10-03-2025 - ൽ മറുപടിയ്ക്ക്**

**ചാലക്കുടിയിലെ ജലജീവൻ പദ്ധതി പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ചാലക്കുടി മണ്ഡലത്തിലെ ജലജീവൻ പദ്ധതിയുടെ പ്രവർത്തനങ്ങൾ മന്ദഗതിയിലാണെന്നത് ഗൗരവമായി കാണുന്നുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (എ) | ജൽ ജീവൻ മിഷന്റെ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിൽ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനും പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന പ്രവൃത്തികളുടെ വിശദമായ അവലോകനം കൃത്യമായ ഇടവേളകളിൽ വിവിധ തലങ്ങളിൽ നടത്തി തടസ്സങ്ങൾ ഉള്ളത് പരിഹരിയ്ക്കുന്ന തിനാവശ്യമായ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. കൂടാതെ പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ടി പ്രവർത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകി വരുന്നുണ്ട്. |
| (ബി) | മണ്ഡലത്തിൽ നാളിതുവരെ പദ്ധതിയുടെ എത്ര ശതമാനം പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്; വിശദമാക്കുമോ; | (ബി) | ചാലക്കുടി മണ്ഡലത്തിലെ പഞ്ചായത്ത് തിരിച്ചുള്ള വിശദശാംശങ്ങൾ **<u>അനുബന്ധം 1</u>** ആയി ചേർക്കുന്നു. ചാലക്കുടി നിയോജക മണ്ഡലത്തിലെ കൊടകര ഗ്രാമപഞ്ചായത്തിൽ ജൽ ജീവൻ മിഷൻ പ്രവൃത്തി 100% പൂർത്തീകരിച്ചിട്ടുള്ളയാണ് പരിയാരം, കൊരട്ടി, കാട്ടുകുറ്റി, മേലൂർ, അതിരപ്പിള്ളി എന്നീ പഞ്ചായത്തുകളിൽ ജൽ ജീവൻ മിഷൻ പ്രവൃത്തികൾ 67% ത്തോളം പൂർത്തീകരിച്ചിട്ടുണ്ട്. |
| (സി) | മണ്ഡലത്തിലെ പലയിടങ്ങളിലും പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തി മാസങ്ങളായി നിലച്ചിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | നിലവിൽ വിവിധ പഞ്ചായത്തുകളിൽ ജൽ ജീവൻ മിഷൻ പ്രവൃത്തിയിൽ ഉൾപ്പെടുത്തി പൈപ്പുകൾ സ്ഥാപിക്കുന്നതിന് ഇതര വകുപ്പുകളിൽ നിന്നും അനുമതി ലഭിക്കുന്നതുമായി ബന്ധപ്പെട്ട് തടസ്സങ്ങൾ നേരിടുന്നുണ്ട്. ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിൽ നിലവിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട് നേരിടുന്ന പ്രശ്നങ്ങൾ **<u>അനുബന്ധം 2</u>** ആയി ചേർക്കുന്നു. തടസ്സങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | പദ്ധതിയുടെ ഭാഗമായി പൈപ്പുകൾ സ്ഥാപിക്കുന്നതിന് വെട്ടിപ്പൊളിച്ച റോഡുകൾ | (ഡി) | പൈപ്പ് സ്ഥാപിക്കുന്നതിനായി വെട്ടിപൊളിച്ച റോഡുകൾ സമയബന്ധിതമായി പൂർവ്വസ്ഥിതിയിൽ |

| | | | |
|---|---|---|---|
| | പൂർവ്വസ്ഥിതിയിലാക്കുന്ന പ്രവൃത്തി നിലച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ; | | ആക്കാൻ അതാത് പ്രവൃത്തികളുടെ കരാറുകാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പൊളിച്ച പഞ്ചായത്ത് റോഡുകളിൽ റീസ്റ്റോറേഷൻ പ്രവൃത്തികൾ നടന്നു വരുന്നു. |
| (ഇ) | നിലവിൽ പൈപ്പുകൾ സ്ഥാപിച്ച് കഴിഞ്ഞ റോഡുകൾ പൂർവ്വസ്ഥിതിയിലാക്കുന്ന പ്രവൃത്തി എന്നത്തേക്ക് പൂർത്തിയാക്കുമെന്ന് അറിയിക്കുമോ? | (ഇ) | നിലവിൽ പൈപ്പുകൾ സ്ഥാപിച്ച കഴിഞ്ഞ റോഡുകൾ പൂർവ്വസ്ഥിതിയിലാക്കുന്ന പ്രവൃത്തികൾ 6 മാസത്തിനുള്ളിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം 1

| പഞ്ചായത്ത് | ആകെ ഗ്രാമീണ വീട്ടുകൾ | JJM നു മുൻപ് ഉണ്ടായിരുന്ന കണക്ഷൻ | ഭരണാനുമതി നൽകിയ കണക്ഷൻ | ഭരണാനുമതി തുക (ലക്ഷം) | JJM തുടങ്ങിയ ശേഷം നൽകിയ കണക്ഷൻ | നിലവിൽ മൊത്തം കണക്ഷൻ | ഇനി നൽകാനുള്ള കണക്ഷൻ |
|---|---|---|---|---|---|---|---|
| ആതിരപ്പിള്ളി | 2494 | 983 | 1511 | 1753.00 | 1105 | 2088 | 406 |
| കടുക്കുട്ടി | 6663 | 1251 | 5412 | 3133.03 | 2400 | 3651 | 3012 |
| കൊടകര | 8448 | 1633 | 6815 | 8448.00 | 2016 | 3649 | 4799 |
| കോടശ്ശേരി | 9172 | 419 | 8753 | 5021.00 | 467 | 886 | 8286 |
| കൊരാട്ടി | 8438 | 2690 | 5748 | 5670.00 | 3301 | 5991 | 2447 |
| മേലൂർ | 7299 | 2223 | 5076 | 4228.00 | 2077 | 4300 | 2999 |
| പരിയാരം – തൃശ്ശൂർ | 6285 | 1115 | 5170 | 3533.00 | 2269 | 3384 | 2901 |
| ആകെ | 48799 | 10314 | 38485 | 31786.03 | 13635 | 23949 | 24850 |

അനുബന്ധം 2

| ക്രമ നമ്പർ | ഗ്രാമ പഞ്ചായത്ത് | നേരിടുന്ന തടസ്സങ്ങൾ | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | കൊരട്ടി | പി.ഡബ്ല്യൂ.ഡി. റോഡിൽ പൈപ്പ് സ്ഥാപിച്ചിട്ടില്ല. പഞ്ചായത്ത് റോഡുകളിൽ കരാറുകാരൻ പി.ഡബ്ല്യൂ.ഡി. യുമായി എഗ്രിമെന്റ് വയ്ക്കാത്തതിനാൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി തുടങ്ങിയിട്ടില്ല | പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. പി.ഡബ്ല്യൂ.ഡി.യുമായി Agreement ഒരാഴ്ചകം വയ്ക്കുന്നതിന് കരാറുകാരന് നിർദ്ദേശം നല്കിയിട്ടുണ്ട്. നിലവിൽ പഞ്ചായത്ത് റോഡുകളിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാൽ ഇവ ചർച്ച ചെയ്തു പരിഹരിക്കുന്നതിന് പഞ്ചായത്തുമായി യോഗം ചേരുന്നതിന് ധാരണയായിട്ടുണ്ട്. DLP യിലുള്ള പി.ഡബ്ല്യൂ.ഡി. റോഡുകളിൽ അനുമതി ലഭിച്ചാൽ മാത്രമേ പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂ. |
| 2 | മേലൂർ | DLP യിലുള്ള 2 പി. ഡബ്ല്യൂ.ഡി. റോഡുകളിൽ പൈപ്പ് സ്ഥാപിക്കാൻ കഴിഞ്ഞിട്ടില്ല. | പി.ഡബ്ല്യൂ.ഡി. റോഡിൽ പ്രവൃത്തി പൂർത്തീകരിക്കാനുണ്ട്. |